# പോകുന്ന വഴിയിൽ നിന്നും പോകേണ്ടവഴിയിലേക്ക്..!

ഒരിക്കൽ ജോൺസൺ എന്ന ബാലൻ തന്റെ വല്യപ്പന്റെ വീട്ടിൽ അവധിക്കാലം ചെലവഴിക്കയായിരുന്നു. ഒരു കുന്നിൻമുകളിലാണ് വല്യപ്പന്റെ താമസം. ആ നാട്ടിലെ അറിയപ്പെടുന്ന ഒരു കൃഷിക്കാരനാണ് അദ്ദേഹം. താഴ്‌വരയിലുള്ള നൂറുകണക്കിന് ഏക്കർ വിസ്തൃതിയുള്ള കോതമ്പുവയലും അതിനു ചുറ്റുമുള്ള തോട്ടങ്ങളുമെല്ലാം സ്വന്തമായുള്ള ധനികൻ. നാട്ടുകാർ അദ്ദേഹത്തെ പ്രിൻസ് എന്നാണ് വിളിക്കുക; എന്തുകൊണ്ടും ആ പേരിന് അദ്ദേഹം യോഗ്യനാണ്.

ജോൺസൺ മാതാപിതാക്കളോടൊപ്പം വല്യപ്പന്റെ വീട്ടിൽ പലപ്രാവശ്യം വന്നിട്ടുണ്ടെങ്കിലും ആദ്യമായാണ് അവൻ അവിടെ ഒഴിവുകാലം ചെലവഴിക്കുന്നത്. കളികൂട്ടുകാർ ആരും ഇല്ലാത്തതിനാൽ തനിയെ കളിക്കാവുന്ന കളികളായിരുന്നു ജോൺസണ് നേരമ്പോക്കിനുള്ള ഉപാദി. അന്നൊരു സായാഹ്നത്തിൽ തൊടിയിൽ കണ്ടെത്തിയ മനോഹരരൂപിയായ പൂമ്പാറ്റയെ പിടിക്കാൻ പിറകെകൂടിയ ജോൺസൺ താഴ്‌വരയിലെ കോതമ്പുവയലിന്റെ അതിർ കടന്നത് അറിഞ്ഞതേയില്ല. പൂമ്പാറ്റയെ പിടിച്ചിട്ടെ അടങ്ങു എന്ന അവന്റെ വാശി അവനെ വീട്ടിൽ നിന്നും ദൂരെ അകറ്റിക്കഴിഞ്ഞിരുന്നു. പരിസരബോധം വന്നപ്പോഴേക്കും സന്ധ്യ മയങ്ങിയിരുന്നു. കണ്ണിൽ കണ്ട കോതമ്പുവയലുകൾ ലക്ഷ്യമാക്കി വിട്ടിലെത്താൻ ശ്രമിച്ച ആ ബാലൻ വീട്ടിൽ നിന്നും കൂടുതൽ അകന്നുകൊണ്ടിരുന്നു. അവസാനം അവൻ ഒരു വഴിയരികിൽ ഇരുന്ന് കരയാൻ ആരംഭിച്ചു.

ആടുകളുമായി അതുവഴി വന്ന ഒരു ഇടയൻ വഴിയിലിരുന്നു കരയുന്ന ജോൺസണോട് കാരണം തിരക്കി. വീട്ടിലെത്താനുള്ള വഴി അറിയാതെ പ്രയാസപ്പെടുന്ന കുട്ടിയെ സഹായിക്കണമെന്ന് ആ ഇടയന് ആഗ്രഹമുണ്ടായി. പക്ഷേ, തന്റെ വല്യപ്പന്റെ പേരുപോലും അറിയാത്ത അവനെ വീട്ടിലെത്തിക്കാൻ എന്താണ് വഴി? അവസാനം, അവൻ ഒരു അടയാളം പറഞ്ഞു: "എന്റെ വല്യപ്പന്റെ വീടിനടുത്ത് ഒരു ദേവാലയമുണ്ട്; അതിന്റെ മുകളിൽ രാത്രികാലങ്ങളിൽ പ്രകാശം പരത്തുന്ന ഒരു കുരിശുമുണ്ട്." ഇടയൻ ആ ബാലകനുമായി കുറെ നടന്ന് അവസാനം കുന്നിൻമുകളിലുള്ള കുരിശിന്റെ വെട്ടം കാട്ടിക്കൊടുത്തു. അപ്പോൾ അവൻ ഉറക്കെ പറഞ്ഞു: "അതേ, അതുതന്നെ! ആ കുരിശു തന്നെ!! ഇനി എന്റെ വീട്ടിലേക്കുള്ള വഴി എനിക്കറിയാം!!"ക്രൂശിനെ ലക്ഷ്യമാക്കി യാത്രതുടർന്ന ജോൺസൺ ചില മിനിറ്റുകൾക്കകം ഭവനത്തിൽ മടങ്ങിയെത്തി.

പ്രിയരെ, പൂമ്പാറ്റയെ പിന്തുടർന്ന ജോൺസൺ നമ്മുടെ പ്രതിനിധിയാണ്. സ്വന്തമോഹങ്ങളെ പിന്തുടർന്ന് നാം ദൈവത്തിൻ നിന്നും അകന്നുപോയി. ജീവന്റെ ശ്രോതസ്സായ ദൈവത്തിൽ നിന്നും അകന്നിരിക്കുന്ന ആരുടെയും ജീവിതത്തിൽ യഥാർത്ഥ സന്തോഷമോ സമാധാനമോ കാണുകയില്ല. ദൈവത്തിന്റെ അടുക്കലേക്കു മടങ്ങിവരികയാണ് എല്ലാവരുടെയും ആവശ്യം.

പക്ഷേ, നഷ്ടപ്പെട്ട മനുഷ്യർക്ക് ദൈവത്തിലേക്ക് മടങ്ങിവരുവാനുള്ള മാർഗ്ഗം ഏതാണ്? മനുഷ്യനെ ആരംഭംമുതൽ അലട്ടുന്ന ഒരു പ്രശ്നമാണിത്. മനുഷ്യന്റെ ജന്മശത്രുവായ സാത്താൻ, ഈ ചോദ്യത്തിനുള്ള മറുപടി എന്നവണ്ണം, പല വ്യാജമാർഗ്ഗങ്ങളും ചൂണ്ടിക്കാട്ടുന്നുണ്ട്. അവയെല്ലാം നാശത്തിന്റെ പാതകളാണെന്ന് ദൈവവചനം ഉറപ്പുപറയുന്നു: "ചിലപ്പോൾ ഒരു വഴി മനുഷ്യനു ചൊവ്വായിതോന്നും; അതിന്റെ അവസാനമോ മരണവഴികൾ അത്രേ." (സദൃശ. 14:12)

മനുഷ്യന് ദൈവത്തിന്റെ അടുക്കലേക്ക് മടങ്ങിവരുവാനുള്ള ഏകവഴി യേശുക്രിസ്തു ആകുന്നു: "ഞാൻ തന്നേ വഴിയും സത്യവും ജീവനും ആകുന്നു; ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല." (യോഹന്നാൻ 14:6) യേശുക്രിസ്തുവിന്റെ ഈ അവകാശവാദത്തെ വിശ്വസിച്ചുകൊണ്ട്, തന്നെ പിന്തുടർന്നിട്ടുള്ള ആർക്കും മോക്ഷയാത്രയിൽ ഒരിക്കലും തെറ്റുപറ്റിയിട്ടില്ല.

സുഹൃത്തേ, ദൈവമുമ്പാകെ എല്ലാമനുഷ്യരും പാപികളാണ്. "ഒരു വ്യത്യാസവുമില്ല; എല്ലാവരും പാപം ചെയ്തു ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു." (റോമർ 3:23) പാപികളായ മനുഷ്യർക്ക് തങ്ങളുടെ കർമ്മമാർഗ്ഗത്തിലൂടെ ദൈവത്തെ പ്രസാദിപ്പിക്കുവാനോ പാപശാന്തി പ്രാപിക്കുവാനോ കഴിയുകയില്ല. കാരണം, പാപികൾ ചെയ്യുന്നതെല്ലാം പാപമായാണ് ദൈവം കണക്കാക്കുന്നത്. ഈ ശപിക്കപ്പെട്ട സ്ഥിതിയിൽ നിന്നും മനുഷ്യന് വിമോചനം നൽകുവാനാണ് യേശുക്രിസ്തു ക്രൂശിൽ നമ്മുടെ എല്ലാവരുടെയും പാപങ്ങളെ സ്വയം ഏറ്റെടുത്ത് നമുക്കായി മരിച്ചത്. യേശുവിനെ രക്ഷകനും കർത്താവുമായി സ്വീകരിക്കുന്നവരെ ദൈവഭവനത്തിലേക്ക് എത്തിക്കുവാൻ ഈ നല്ലഇടയൻ ഇന്നും കാണാതെപോയവരെ തിരഞ്ഞുനടക്കുന്നു.

"ശുഭകരമായി പ്രവർത്തിക്കുവാൻ നിന്നെ അഭ്യസിപ്പിക്കുകയും നീ പോകേണ്ടുന്ന വഴിയിൽ നിന്നെ നടത്തുകയും ചെയ്യുന്ന നിന്റെ ദൈവമായ യഹോവ ഞാൻ തന്നെ." എന്ന് അരുളിച്ചെയ്ത ദൈവം മനുഷ്യവർഗ്ഗത്തിനായി ഒരുക്കിയ രക്ഷാമാർഗ്ഗമാണ് ക്രൂശിന്റെ വചനം.

Author: ksabraham.org@gmail.com website: www.ksabraham.org Free Distribution of this material is encouraged!